**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 183

26.09.2016 ൽ മറുപടിക്ക്

## ചെറൂപ്പ ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ ഹെൽത്ത് സെന്ററിൽ , എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായും സർക്കാർ നയത്തിനനുസരിച്ചും സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സെന്ററിലേക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ഡോക്ടർമാർക്ക് വരുന്നതിന് ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച വാഹനം സംബന്ധിച്ച 1552/M1/2016/H&FWD ഫയലിൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്;വിശദമാക്കാമോ; | (ബി) | ആസ്തി വികസന പദ്ധതിയിൽ നിന്നും സർക്കാർ സ്കൂളുകൾക്കു മാത്രം ബസ് വാങ്ങുന്നതിന്, ആയതിന്റെ ആവർത്തന ചിലവുകൾ drivers ന്റെ വേതനം ഉൾപ്പടെ PTA fund-ൽ നിന്നും അനുവദിക്കണം എന്ന വ്യവസ്ഥയിൽ അനുമതി നൽകാറുണ്ട്. പൊതുജനോപകാരപ്രദമായ പ്രവർത്തികൾക്കാണ് ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നത്.<br>കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർമാർക്ക് വരുന്നതിന് ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസലിൽ ആവർത്തന ചിലവുകൾ വരുന്നതിനാലും അവ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകയാലും പ്രസ്തുത വിഷയം കൈകാര്യം ചെയ്യു ഈ വകുപ്പിന്റെ 1552/എം1/2016/ആ ക വ നമ്പർ ഫയലിൽ തുടർ നടപടികൾ അവസാനിപ്പിക്കുകയാണുണ്ടായത്. |
| (സി) | ചെറൂപ്പ ഹെൽത്ത് സെന്റർ മികവിന്റെ കേന്ദ്രമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ